**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **12-12-2022 - ൽ മറുപടിയ്ക്ക്**

**സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനം സമൂഹത്തിന് ഭീഷണിയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇത്തരം മയക്കുമരുന്നുകളുടെ വ്യാപനം വർദ്ധിക്കുന്നത് ഗൗരവമായി ഉൾക്കൊണ്ട് ആയതു തടയുന്നതിനുവേണ്ടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, ബോധവൽക്കരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തി വരുന്നു. |
| (ബി) | സിന്തറ്റിക്ക് ഡ്രഗ്സിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സിന്തറ്റിക് ഡ്രഗ്സിന്റെ ഉപയോഗം നേരിടാൻ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് സംഘടിപ്പിച്ച് കൂടുതൽ എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുത്തിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളും റിസോർട്ടുകളും കേന്ദ്രീകരിച്ച് മയക്കുമരുന്നുകൾ ഉൾപ്പെട്ട നിശാപാർട്ടികൾ നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ ടി സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണം നടത്തി വരുന്നു.<br><br>2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ എല്ലാ വിഭാഗം ജനങ്ങളെയും, വിവിധ വകുപ്പുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു മാസം നീണ്ടുനിന്ന തീവ്രകർമ്മ പരിപാടി നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുകയുണ്ടായി. അതിന്റെ ഫലമായി കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. മയക്കുമരുന്നു കേസുകളിൽ തുടർച്ചയായി പ്രതിയാകുന്നവരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വലിയ അളവിലുള്ള മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഉൾപ്പെടുന്നവരെ PIT NDPS Act (The Prevention of Illicit Traffic in Narcotic and Psychotropic Substance Act) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വിമുക്തി മിഷൻ മുഖേനെ ലഹരി ഉപയോഗത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും |

| | | | |
|---|---|---|---|
| | | | പങ്കെടുപ്പിച്ചുകൊണ്ട് ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |
| (സി) | മെഡിക്കൽ സ്റ്റോറുകളിൽ ലഭിക്കുന്ന റോഹിപ്നോൾ പോലുള്ള മരുന്നുകളെ മദ്യത്തിൽ കലർത്തി ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതായി ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയിക്കാമോ; | (സി) | ഇത്തരം കേസുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ലഹരിയ്ക്കായി ഉപയോഗപ്പെടുത്തുവാൻ സാധ്യതയുള്ള മരുന്നുകൾ ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ നൽകരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് നിർദ്ദേശം നൽകുകയും, ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | ബാറുകൾക്ക് വ്യാപകമായി ലൈസൻസ് നൽകിയത് സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കൂട്ടുന്നതിനും അതുവഴി മദ്യം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനത്തിനും കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംസ്ഥാനത്ത് ഹോട്ടലുകൾക്ക് വ്യാപകമായി ബാർ ലൈസൻസ് നൽകിയിട്ടില്ല. ത്രീ സ്റ്റാറും അതിനു മുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ യോഗ്യതയുള്ള ഹോട്ടലുകൾക്ക് നിയമാനുസരണം മാത്രമാണ് ബാർ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. മദ്യം ഉപയോഗപ്പെടുത്തി സിന്തറ്റിക്ക് ഡ്രഗ്സ് നിർമ്മിക്കുന്നതായോ ഉപയോഗിക്കുന്നതായോ പരാതികളോ, രഹസ്യ വിവരങ്ങളോ എക്സൈസ് വകുപ്പിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ